പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ഇന്ദിര ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1391 — 15.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന് ഇപ്പോൾ അനുവദിക്കുന്നത് എത്ര രൂപയാണ്; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണ്; | (എ) | ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3,50,000/- രൂപയും, പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷം രൂപയും, പൊതു വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയുമാണ് സംസ്ഥാന സർക്കാർ അനുവദിക്കുന്നത്.<br><br>കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 70,000/- രൂപയാണ്. ഇതിൽ 42,000/- രൂപ കേന്ദ്ര സർക്കാരും, ശേഷിക്കുന്ന 28,000/- രൂപ സംസ്ഥാന സർക്കാരും വഹിക്കുന്നു. |
| (ബി) | ഈ പദ്ധതിയുടെ പേര് ഇപ്പോൾ മാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ പദ്ധതിയുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | ഈ പദ്ധതിയുടെ പേര് മാറ്റിയിട്ടില്ല. |
| (സി) | ഐ.എ.വൈ. പദ്ധതി പ്രകാരം റാന്നി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിലായി റാന്നി, കോയിപ്രം, മല്ലപ്പള്ളി, ഇലന്തൂർ ബ്ലോക്കുകളിലൂടെ 2011 മുതൽ ഇതേവരെ അനുവദിച്ചതും, നിർമ്മാണം പൂർത്തിയാക്കിയതുമായ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; പൂർത്തിയാക്കാത്തവയുടെ എണ്ണവും കാരണവും വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ധനസഹായം അനുവദിച്ചവർക്ക് വിതരണം ചെയ്യാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; കുടിശ്ശിക തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | ഐ.എ.വൈ. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലം ഗുണഭോക്താക്കൾക്ക് അധിക സംസ്ഥാന വിഹിതം നൽകുന്നതിൽ കുടിശ്ശിക ഉണ്ടായിരുന്നു. ആയത് തീർക്കുന്നതിന് വേണ്ടി 500 കോടി രൂപ അനുവദിച്ച് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതാണ്. |
| (ഇ) | നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വില വർദ്ധനവ് മൂലം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീടിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വേണ്ടി ഐ.എ.വൈ. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് പൊതു വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും, പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷം രൂപയായും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (എഫ്) | നിർമ്മാണം മുടങ്ങിക്കിടക്കുന്ന വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനായി അധിക തുക അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എഫ്) | സാമ്പത്തിക പരാധീനതമൂലം മുടങ്ങി കിടക്കുന്ന വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശയ്ക്കുള്ള വായ്പ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ജി) | ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകുന്ന സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ജി) | ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകി വരുന്ന സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ